# കേരള സർവകലാശാല

നം.പി.ആർ.125/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പരീക്ഷാകേന്ദ്രം

ആറാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) മാർച്ച് 2019 (സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 17, 18 തീയതികളിൽ നടത്തുന്നതാണ്. പ്രസ്തുത പരീക്ഷകൾക്ക് ഷാഹുൽ ഹമീദ് മെമ്മോറിയൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം സെന്ററിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ യു.കെ.എഫ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, പാരിപ്പള്ളി സെന്ററിലും, ജോൺ കോക്സ് മെമ്മോറിയൽ സി.എസ്.ഐ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കണ്ണമ്മൂല സെന്ററിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ മാർ ബസേലിയോസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, നാലാഞ്ചിറ സെന്ററിലും ഹാജരാകേണ്ടതാണ്. മറ്റു കോളേജുകളിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന വിദ്യാർത്ഥികളുടെ പരീക്ഷാ സെന്ററിൽ മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

വിദൂര വിദ്യാഭ്യാസ വിഭാഗം 2019 ജൂൺ 19 ന് ആരംഭിക്കുന്ന ബി.എൽ.ഐ.എസ്.സി ഒന്നും രണ്ടും സെമസ്റ്റർ (2017 അഡ്മിഷൻ) വിദ്യാർത്ഥികളും ബി.എൽ.ഐ.എസ്.സി ആനുവൽ സ്കീം സപ്ലിമെന്ററി വിദ്യാർത്ഥികളും എസ്.ഡി.ഇ പാളയം സെന്ററിൽ പരീക്ഷയ്ക്ക് ഹാജരാകണം. ഒന്നും രണ്ടും സെമസ്റ്റർ വിദ്യാർത്ഥികൾ ഡൗൺലോഡ് ചെയ്ത ഹാൾടിക്കറ്റും ഐഡിപ്രൂഫുമായി പരീക്ഷയ്ക്ക് ഹാജരാകണം.

## പരീക്ഷാഫീസ്

പത്താം സെമസ്റ്റർ (ന്യൂ സ്കീം പെയിന്റിംഗ് & അപ്ലൈഡ് ആർട്ട്), എട്ടാം സെമസ്റ്റർ (ഓൾഡ് സ്കീം പെയിന്റിംഗ് & സ്കൾപ്ച്ചർ) ബി.എഫ്.എ (എച്ച് ഐ) പരീക്ഷകൾ 2019 ജൂലൈ 1 നും 19 നും ആരംഭിക്കുന്നതാണ്. പിഴ കൂടാതെ ജൂൺ 18 വരെയും 50 രൂപ പിഴയോടെ ജൂൺ 20 വരെയും 125 രൂപ പിഴയോടെ ജൂൺ 22 വരെയും അപേക്ഷിക്കാം

## ടൈംടേബിൾ

2019 ജൂൺ 19 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ID) ഡിഗ്രി (2015 സ്കീം - റെഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

## സീറ്റ് ഒഴിവ്

സർവകലാശാലയുടെ പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിൽ എം.എ പൊളിറ്റിക്കൽ സയൻസ്, എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്നീ ക്ലാസുകളിൽ എസ്.ടി വിഭാഗത്തിന് ഓരോ സീറ്റ് ഒഴിവുണ്ട്. താല്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ജൂൺ 14 രാവിലെ 10 മണിയ്ക്ക് കാര്യവട്ടം പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റിൽ എത്തിച്ചേരുക.

സർവകലാശാലയുടെ കാര്യവട്ടത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയുടെ കീഴിലുള്ള എം.ബി.എ (ടൂറിസം) പ്രോഗ്രാമിന് എസ്.ടി വിഭാഗത്തിൽ സീറ്റ് ഒഴിവുണ്ട്. താല്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജൂൺ 14 ന് 10 മണിയ്ക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള പഠന വകുപ്പിൽ ഹാജരാകേണ്ടതാണ്.

## പി.ജി പ്രവേശനം 2019
## ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ കോളേജുകളിലേയും യു.ഐ.ടി.കളിലേയും 2019-20 അദ്ധ്യയന വർഷത്തെ ബിരുദാനന്തര ബിരുദ (പി.ജി) കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് വിദ്യാർത്ഥികൾക്ക് തങ്ങളുടെ അലോട്ട്മെന്റ് (http://admissions.keralauniversity.ac.in) പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ നിശ്ചിത സർവകലാശാല ഫീസ് (ഫീസ് വിശദാംശങ്ങൾ വെബ്സൈറ്റിൽ) ജൂൺ 13 നകം ഓൺലൈനായി ഒടുക്കി തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. ഓൺലൈനായി ഫീസ് ഒടുക്കിയ ശേഷം ലഭ്യമാകുന്ന വിവരങ്ങൾ അടങ്ങിയ പേജിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. മേൽപറഞ്ഞ രീതിയിൽ സർവകലാശാല ഫീസ് ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ അടുത്ത അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതിനായി സർവകലാശാല ഫീസ് മേൽപറഞ്ഞ രീതിയിൽ അടയ്ക്കേണ്ടതാണ്.

ഹയർ ഓപ്ഷനുകൾ ആവശ്യമില്ലാത്തവർ അഡ്മിഷൻ ഫീസ് ഒടുക്കിയ ശേഷം ജൂൺ 13 നകം അവ നീക്കം ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ ആ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുന്നതും ഇങ്ങനെയുള്ളവർ പുതിയ അലോട്ട്മെന്റിൽ ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്. രണ്ടാം ഘട്ട അലോട്ട്മെന്റിന് ശേഷം മാത്രം കോളേജുകളിൽ പ്രവേശനം നേടിയാൽ മതിയാകും. പ്രവേശനം സംബന്ധിച്ച വിശദമായ അറിയിപ്പ് അഡ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധപ്പെടുത്തുന്നതിന്)

തിരുവനന്തപുരം,

12 – 06– 2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

ku.release@keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098